# പ്രളയക്കെടുതികളിൽനിന്നും നാടിനെ രക്ഷിക്കണം

99-ലെ വെള്ളപ്പൊക്കം എന്നു പറഞ്ഞുകേട്ടിട്ടുണ്ട്. അതൊരു ദുരന്തം തന്നെയായിരുന്നു. അതിനു തുല്യമോ അതിലേറെയോ ദുരന്തം വിതച്ചതുമായ പേമാരിക്കും പ്രളയത്തിനും ഉരുൾപൊട്ടലുകൾക്കുമാണ് ഇപ്പോൾ നമ്മുടെ നാട് സാക്ഷ്യം വഹിച്ചിരിക്കുന്നത്. കാലവർഷക്കെടുതിമൂലവും ന്യൂനമർദ്ദത്തിന്റെ ഫലമായും തുടർച്ചയായ കനത്ത മഴ കാരണം നാടു മുഴുവൻ വെള്ളത്തിലായി. അതോടൊപ്പം കനത്ത വെള്ളക്കെട്ടുമൂലം സർവഡാമുകളും തുറന്നുവിടേണ്ടതായും വന്നു. തന്മൂലമുണ്ടായ കുത്തൊഴുക്കുകളിൽപ്പെട്ട് നാട് നടുങ്ങി. എത്രയോപേർ മണ്ണിനടിയിൽപ്പെട്ട് മരിച്ചു. വെള്ളത്തിൽ മുങ്ങിയ വീടുകളിൽപ്പെട്ട് ശ്വാസംകിട്ടാതെ മരിച്ചവർ എത്രയെന്ന് ഇപ്പോഴും കണക്കില്ല. നിരവധി വീടുകൾ തകർന്നു. തകരാതെ വെള്ളത്തിനടിയിൽ നില്ക്കുന്ന വീടുകളും അവയ്ക്കുള്ളിലെ സാധനസാമഗ്രികളും നാശോന്മുഖമായി എന്നുതന്നെ പറയാം. കന്നുകാലികൾ കൂട്ടത്തോടെ ചത്തൊടുങ്ങി. പ്രളയബാധിതപ്രദേശങ്ങളിൽനിന്നും കരകയറിയവർ എല്ലാം നഷ്ടപ്പെട്ട് നാടിന്റെ നാനാഭാഗത്തുമുള്ള ദുരിതാശ്വാസക്യാമ്പുകളിൽ എത്തിയ ദുരവസ്ഥയാണ് ഇന്നുള്ളത്.

ഈ അത്യാഹിതത്തിൽനിന്നും നാടിനെയും ജനങ്ങളെയും രക്ഷിക്കാൻ സംസ്ഥാനസർക്കാരും ബന്ധപ്പെട്ട ജീവനക്കാരും തങ്ങളാലാവുന്നതെല്ലാം ചെയ്യുമ്പോൾ മറ്റൊരു കാലത്തും ഉണ്ടാകാത്ത സഹകരണവും സഹായവും ജനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നു എന്നത് ഒരു അനുഗ്രഹമാണ്. കയ്യും മെയ്യും മറന്നുള്ള ദുരിതാശ്വാസപ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ദൈവത്തിന്റെ നാടായ കേരളത്തിന്റെ ഭാഗ്യം തന്നെയാണ്. മാത്രമല്ല, മറ്റു സംസ്ഥാനങ്ങളിൽനിന്നും ലഭിക്കുന്ന സഹായവും പിന്തുണയും എടുത്തുപറയേണ്ടിയിരിക്കുന്നു.

എല്ലാം നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുക എന്നതും മേലിൽ ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകാനിടയായാൽ അതിനെ നേരിടുന്നതിനുള്ള മുൻകരുതലുകൾ ചെയ്യേണ്ടതും സംസ്ഥാനസർക്കാരിന്റെ ചുമതലയാണ്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സംഘടനകളും സംസ്ഥാനത്തെ ജനങ്ങളും സർക്കാരിൽ വിശ്വാസമർപ്പിച്ച് ആവുന്നത്ര സാമ്പത്തികസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നല്കിയിട്ടുള്ള സാഹചര്യത്തിൽ കേന്ദ്രസർക്കാരിന്റെ കൂടി പരമാവധി സഹായം വാങ്ങിക്കൊണ്ട് കാലവിളംബം കൂടാതെയും സാങ്കേതികതടസ്സങ്ങൾ ഉണ്ടാക്കാതെയും ആ വകകാര്യങ്ങൾ നിർവഹിക്കുക എന്നുള്ളതാണ് സർക്കാർ ചെയ്യേണ്ടത്.

ഇന്നത്തെ ഈ ദുരവസ്ഥയ്ക്കു കാരണം മറ്റൊന്നുമല്ല, കരുതലില്ലായ്മയും അലംഭാവവുമാണ്. പ്രകൃതിയെ സ്നേഹിക്കുന്നവരുണ്ടെങ്കിലും പ്രകൃതിയെ മറികടന്ന് ഏതുവിധേനയും ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നവരുടെ എണ്ണം ഏറെയാണ്. മനുഷ്യരൊഴിച്ചുള്ള ജീവജാലങ്ങളെല്ലാംതന്നെ പ്രകൃതിക്ക് കീഴ്പ്പെട്ടാണ് ജീവിക്കുന്നത് എന്ന കാര്യം വിസ്മരിക്കരുത്. മഴ മൂലം ഉണ്ടാകുന്ന ജലം ആവശ്യത്തിന് സംഭരിച്ചുവയ്ക്കുന്നതിനും ബാക്കിയുള്ളവ നദികൾ, തോടുകൾ, കായലുകൾ വഴി യഥേഷ്ടം ഒഴുകി കടലിൽ പതിക്കുന്നതിനും ഉള്ള സംവിധാനം പ്രകൃതി നിയമമാണ്.

കനത്തമഴ മൂലം ജനവാസകേന്ദ്രങ്ങളിലുണ്ടാകാവുന്ന അധികജലവും മുഴുവൻ ഡാമുകളും തുറന്നുവിടേണ്ടിവന്നാലുള്ള അധികജലവും യഥേഷ്ടം ഒഴുകി കടലിലെത്തുവാനുള്ള സാഹചര്യമാണ് ഇനിയും മുന്നിൽകാണേണ്ടത്. ശാസ്ത്രീയമായ ഒരു പഠനം നടത്തി, ഒഴുക്കിനു തടസ്സമായി നില്ക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ ഉപേക്ഷിക്കാനും, പ്രളയസാധ്യത മുൻകൂട്ടി കണ്ട് ആ പ്രദേശങ്ങളിലുള്ള ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള കരുതൽ സ്വീകരിക്കാനും ഉള്ള ശക്തമായ നടപടിയാണ് ആരു ഭരിച്ചാലും അവരുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടത്. അതോടൊപ്പംതന്നെ സംസ്ഥാനത്തെ ഡാമുകളുടെയും സ്പിൽവേകളുടെയും ശരിയായ സംരക്ഷണവും നിയന്ത്രണവും ഉണ്ടാവുകയും വേണം.